**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 357** **04-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സർക്കാർ നിശ്ചയിച്ച സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരെ നിയമിച്ചിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. നഗരകാര്യവകുപ്പിൽ ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ ഗ്രേഡിനനുസൃതമായി ജീവനക്കാരെ നിയമിക്കേണ്ടതുണ്ടെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് സർക്കാർ പരിശോധിക്കുന്നതാണ്. ഗ്രാമ വികസന വകുപ്പിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരുന്നതിനാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാർ ഇല്ല. ജില്ലകളിൽ പി.എസ്.സി അഡ്വൈസ് ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നടന്നു വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടനു ബന്ധിച്ചുള്ള എഞ്ചിനിയറിംഗ് വിഭാഗത്തിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാർ ഇല്ല. പ്രസ്തുത വിഭാഗത്തിൽ പി എസ് സി മുഖേന നികത്തേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉദ്യോഗക്കയറ്റം മുഖേന നികത്തേണ്ടവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. പഞ്ചായത്ത് വകുപ്പിനു കീഴിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇവരുടെ എണ്ണത്തിലുള്ള കുറവ് മൂലം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനങ്ങൾ നടത്തിയും നിലവിലുള്ള ജീവനക്കാർക്ക് അധിക ചുമതല നൽകിയും കാലതാമസം പരിഹരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ